പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3093 | 18.06.2019-ന് മറുപടിക്ക് |

**തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് പാത വീതി കൂട്ടൽ**

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് പാതയിൽ എനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള ഇടുങ്ങിയ ഭാഗം വീതികൂട്ടുന്നതിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം എത്രയാണ്;വിശദമാക്കുമോ; | (എ) | തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് പാതയിൽ എനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള ഇടുങ്ങിയ ഭാഗം വീതികൂട്ടുന്നതിനായി ചാവക്കാട് താലൂക്കിലെ വെങ്കിടങ്ങ് വില്ലേജിലെ 0.0028 ഹെക്ടർ ഭൂമിയും ഇരിമ്പ്രനെല്ലൂർ വില്ലേജിലെ 0.01998 ഹെക്ടർ ഭൂമിയും (ആകെ 0.022782 ഹെക്ടർ ഭൂമി) ആണ് ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ഇതിനായി എത്ര പേരുടെ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്; | (ബി) | നാല് പേരുടെ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്; |
| (സി) | പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | 19-11-2015-ലെ സ.ഉ.(സാധാ) നമ്പർ 1693/ 2015/പൊ.മ.വ പ്രകാരം പ്രസ്തുത പദ്ധതി ക്കായി പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നല്കിയിട്ടുള്ളതാണ്. 04-12-2018- ലെ ഡി റ്റി സി -4561/2017 നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വിഭാഗം, സൂപ്രണ്ടിംഗ് എഞ്ചിനീയർ മേൽ പദ്ധതിക്കുള്ള ലാന്റ് അക്വിസിഷനുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. 07/12/2018-ലെ സ.ഉ.(അച്ചടി) നമ്പർ 188/ 2018/ ധന പ്രകാരം 3 വർഷം കഴിഞ്ഞാൽ സിവിൽ വർക്കിന്റെ അനുമതി അസാധു വാകുമെന്നതിനാൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നല്കിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറക്ക് നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സമയബന്ധിത മായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ